**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4453** **19-07-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലനം നൽകുന്ന സ്ഥാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലെ കുട്ടികൾക്ക് മെഡിക്കൽ/ എഞ്ചിനീയറിംഗ് പരീക്ഷകൾക്ക് പരിശീലനം നൽകുന്ന സ്ഥാപനം ഇല്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. എന്നാൽ സംസ്ഥാനമൊട്ടാകെ തിരഞ്ഞെടുക്കപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് M.B.B.S/Engineering പ്രവേശന പരിശീലനം നൽകുന്ന പ്രമുഖ സ്ഥാപനങ്ങളുമായി ചേർന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് മൂന്ന് മാസത്തെ ക്രാഷ് കോഴ്സും 10 മാസത്തെ Long term entrance coaching ഉം നൽകി വരുന്നു. |
| (ബി) | ത്രിതല പഞ്ചായത്ത് സംവിധാനം മുഖേന ഭൗതിക സാഹചര്യം തയ്യാറാക്കിയാൽ പ്രീ-എക്സാമിനേഷൻ സെന്റർ പോലുള്ള സ്ഥാപനം ജില്ലയിൽ അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ? | (ബി) | എല്ലാ ജില്ലകളിലും വെർച്ചൽ പി.ഇ.റ്റി.സികൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ